II ഇ.ബി. XIII- കേരള നിയമസഭ/XI- 21

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

ചോദ്യോത്തരങ്ങൾ – സംഗ്രഹം

2014 ജൂലൈ 09, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**69(*601)** പട്ടിണിമരണങ്ങളും കൃഷിഭൂമി ഏറ്റെടുക്കലും

പട്ടികവർഗ്ഗക്ഷേമവും യുനജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി.കെ. ജയലക്ഷ്മി) നൽകിയ മറുപടിയിൽ, പട്ടികവർഗ്ഗക്കാർക്കിടയിൽ പട്ടിണിയും തൊഴിലില്ലായ്മയും ഇല്ലാതാക്കുന്നതിനുള്ള മുൻകരുതൽ നടപടിയുടെ ഭാഗമായി ഭക്ഷ്യ സഹായ പദ്ധതി, റേഷൻ വിതരണം, ഇടമലക്കുടി പോലുള്ള വിദൂര പട്ടികവർഗ്ഗ സങ്കേതങ്ങളിലേയ്ക്കുള്ള റേഷൻ സാധനങ്ങളുടെ ചുമട്ടുകൂലി, പി.വി.റ്റി.ജി. മേഖലയിൽ ഭക്ഷ്യധാന്യ വിതരണം എന്നീ പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കിവരുന്നതായി സഭയെ അറിയിച്ചു. പട്ടികവർഗ്ഗ സങ്കേതങ്ങളോട് ചേർന്ന് കിടക്കുന്നതും കൃഷിയോഗ്യവുമായ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത ഭൂമി ഏറ്റെടുത്ത് കൃഷി ചെയ്യുന്നതിന് താത്പര്യമുള്ള പട്ടികവർഗ്ഗക്കാർക്ക് നൽകുന്നതും ഇത്തരം പദ്ധതികൾ കുടുംബശ്രീ–അയൽക്കൂട്ടങ്ങൾ വഴി നടപ്പാക്കുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതുമാണ്. അരിവാൾ രോഗബാധിതരായ 542 ആദിവാസികൾക്ക് പ്രതിമാസം ആയിരം രൂപവീതം

ധനസഹായം നൽകുന്ന സമാശ്വാസ പദ്ധതി നടപ്പിലാക്കിവരുന്നു. നവജാതശിശുക്കളുടെ മരണവുമായി ബന്ധപ്പെട്ട് അട്ടപ്പാടി സന്ദർശിച്ച മുൻ കേന്ദ്ര ഗ്രാമവികസന വകുപ്പുമന്ത്രി പ്രഖ്യാപിച്ച 250 കോടി രൂപയ്ക്കുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പി.വി.റ്റി.ജി. കുടുംബ ങ്ങളടക്കം വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസി വിഭാഗങ്ങൾക്കായി ഏർപ്പെടുത്തിയിട്ടുള്ള പ്രത്യേക ഫുഡ് സപ്പോർട്ട് സ്കീം പ്രകാരം അരി, പയർവർഗ്ഗങ്ങൾ, കടല എന്നിവ സൗജന്യമായി വിതരണം ചെയ്യുന്നതിനായി 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആദിവാസി മേഖലയിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ 25-നും 40-നും ഇടയിൽ പ്രായമുള്ള നൂറോളം ആദിവാസി വനിതകളെ തെര ഞ്ഞെടുത്ത് ആവശ്യമായ പരിശീലനം നൽകി അവർക്കിടയിൽ ബോധവത്ക്കരണ പരിപാടികളും ക്യാമ്പെയിനുകളും സംഘടിപ്പിക്കുന്നതാ ണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 700 ഫോറസ്റ്റ് വാച്ചർമാരുടെ തസ്തിക സൃഷ്ടിച്ച് 92 പേരെ നിയമിക്കുകയും നടപടി ക്രമ ങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ബാക്കിയുള്ളവരുടെ നിയമനം നടത്തുന്ന തുമാണ്. ഏറ്റവും പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗ വിഭാഗങ്ങൾ കൂടുത ലുള്ള 14 പ്രദേശങ്ങൾ തെരഞ്ഞെടുത്ത് 150 കോടി രൂപയുടെ സമഗ്ര വിക സന പദ്ധതി ഈ വർഷംമുതൽ നടപ്പാക്കുന്നതാണ്. ട്രൈബൽ റിഹാബിലിറ്റേ ഷൻ ആന്റ് ഡെവലപ്മെന്റ് മിഷൻ മുഖേന 777 കുടുംബങ്ങൾക്കും വനാവ കാശ നിയമപ്രകാരം 8223 കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കിയിട്ടുണ്ട്. പട്ടി കവർഗ്ഗ വിഭാഗങ്ങൾക്ക് അവർ ആഗ്രഹിക്കുന്ന വാസയോഗ്യമായ ഭൂമി ലഭ്യ

മാക്കുന്നതിന്റെ ഭാഗമായി പത്തുലക്ഷം രൂപ വീതം അനുവദിച്ചുകൊണ്ട് 172 കുടുംബങ്ങൾക്കായി 25 സെന്റ് മുതൽ ഒരേക്കർ വരെയുള്ള ഭൂമി വാങ്ങി നൽകുകയും ശേഷിക്കുന്ന 700-ഓളം അപേക്ഷകളിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി ഘട്ടംഘട്ടമായി ഭൂമി വിതരണം ചെയ്യുന്നതുമാണ്. ജില്ലാടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും റബ്ബർ ബോർഡിന്റെയും സംയുക്താഭിമുഖ്യത്തിൽ റബ്ബർകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായങ്ങൾ ചെയ്തുവരുന്നു. കെ.എസ്.ടി. ആക്ട് പ്രകാരം തത്തമംഗലത്ത് 120 ആദിവാസി കുടുംബങ്ങൾക്ക് ഭൂമി ഏറ്റെടുത്ത് കൊടുത്തിട്ടുണ്ട്. നബാർഡിൽനിന്നും നൂറുകോടി രൂപയുടെ സാമ്പത്തിക സഹായം ലഭ്യമാക്കി മലയോര മേഖലയിലുള്ള ആറായിരത്തോളം ആദിവാസി കോളനികളിൽ റോഡ്, പാലം എന്നിവ നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ട്. വാച്ച്മരം കോളനിയിലെ ആദിവാസികൾക്ക് കൃഷിയോഗ്യമായ ഭൂമി ലഭ്യമാക്കുന്ന കാര്യം വനംവകുപ്പുമായി ആലോചിച്ച് നടപ്പാക്കുന്നതാണെന്നും എസ്റ്റിമേറ്റും ഫീസിബിലിറ്റി സ്റ്റഡി റിപ്പോർട്ടും ലഭ്യമാകുന്ന മുറയ്ക്ക് കുട്ടമ്പുഴ ആദിവാസി മേഖലയിൽ അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

70(*602) <u>വൈദ്യുതിയുടെ ലഭ്യതയും ഉപഭോഗവും</u>

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് 2008-09 മുതൽ 2013-14 വരെ വൈദ്യുതി ഉപഭോഗത്തിൽ വന്നിട്ടുള്ള വാർഷിക വർദ്ധനവ് ശരാശരി 6 ശതമാനമാണെന്നും

2013-14-ലെ വൈദ്യുതിയുടെ ഉപഭോഗം 20532 ദശലക്ഷം യൂണിറ്റാണെന്നും മുൻ വർഷത്തെ അപേക്ഷിച്ച് ഉപഭോഗത്തിൽ 640.18 ദശലക്ഷം യൂണിറ്റിന്റെ (3.21 %) വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നും സഭയെ അറിയിച്ചു. 2013-14 സാമ്പത്തിക വർഷത്തിൽ 2880 ദശലക്ഷം യൂണിറ്റ് വൈദ്യുതി സ്വകാര്യ സംരംഭകരിൽ നിന്ന് നേരിട്ടും, ട്രേഡർമാർ മുഖാന്തിരവും പവർ എക്സ്ചേഞ്ച് മുഖേനയുമായി കേരളം വാങ്ങിയിട്ടുണ്ട്. കേരളത്തിനു പുറത്തുള്ള സ്വകാര്യ വൈദ്യുത നിലയങ്ങളിൽ നിന്ന്, വരുന്ന മാസങ്ങളിൽ 1689 മെഗാവാട്ട് (പ്രതിമാസം 1257 ദശലക്ഷം യൂണിറ്റ്) വൈദ്യുതി വാങ്ങാനുള്ള ഉഭയകക്ഷി കരാറുകൾ ഇപ്പോൾ നിലവിലുണ്ട്. പ്രസരണ ഇടനാഴിയുടെ അപര്യാപ്തതമൂലം ജൂലൈ മാസത്തിൽ കേവലം 3 മെഗാവാട്ട് വരെ വൈദ്യുതി എത്തിക്കാനുള്ള അനുമതിയാണ് ലഭിച്ചിട്ടുള്ളത്. കേരളത്തിനുപുറത്തുള്ള കേന്ദ്ര നിലയങ്ങളിൽ നിന്ന് കേന്ദ്രവിഹിതം എന്ന നിലയിൽ അനുവദിച്ചിട്ടുള്ള ഏകദേശം 1433 മെഗാവാട്ട് വൈദ്യുതി പ്രസരണ ശൃംഖലയിൽ ഉണ്ടാകുന്ന വിവിധ പ്രശ്നങ്ങൾ കാരണം പലപ്പോഴും എത്തിക്കാൻ പറ്റാറില്ല. 2014 മെയ് മാസം 889.98 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് (ശരാശരി 1196 മെഗാവാട്ട്) കേരളത്തിന് ലഭിച്ചിട്ടുള്ളത്. ഈ സാമ്പത്തിക വർഷത്തിൽ 2014 ജൂൺ വരെ ദക്ഷിണ ഗ്രിഡിൽ നിന്നും കേരളത്തിന് 3063.41 ദശലക്ഷം യൂണിറ്റ് വൈദ്യുതി (കേന്ദ്ര വിഹിതം, പർച്ചേസ് ഡീവിയേഷൻ സെറ്റിൽമെന്റ് ഉൾപ്പെടെ) ലഭിച്ചിട്ടുണ്ട്; ഇത് 2012-13 വർഷത്തെ അപേ

ക്ഷിച്ച് കുറവാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആവിഷ്കരിച്ച റാന്നി–പെരിനാട്, പീച്ചി, ഇരുട്ടുക്കാനം, കാരിക്കയം, മാങ്കുളം എന്നീ പദ്ധതികളിൽ നിന്നായി 50.912980 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. ശബരിഗിരി പദ്ധതിയിൽനിന്നും 5 മെഗാവാട്ടും പെരിങ്ങൽക്കുത്ത് പദ്ധതിയിൽ നിന്നും ഒരു മെഗാവാട്ടും വൈദ്യുതിയുടെ വർദ്ധനവ് ഈ സർക്കാരിന്റെ കാലത്ത് വന്നിട്ടുണ്ട്. സ്വകാര്യ മേഖലയിൽ കാരിക്കയം (10.5 മെഗാവാട്ട്) ചെറുകിട ജലവൈദ്യുത പദ്ധതിയും ഇരുട്ടുകാനം സ്റ്റേജ് 2 (1.5 മെഗാവാട്ട്), മാങ്കുളം ഗ്രാമപഞ്ചായത്തിന്റെ 110 കിലോവാട്ട് (0.1 മെഗാവാട്ട്) മാങ്കുളം മിനി ജലവൈദ്യുത പദ്ധതിയും പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ മീൻവല്ലം (3 മെഗാവാട്ട്) ചെറുകിട ജലവൈദ്യുത പദ്ധതിയും പൂർത്തിയാക്കി കമ്മീഷൻ ചെയ്തിട്ടുണ്ട്. ആകെ 26.36 മെഗാവാട്ടിന്റെ വർദ്ധനവ് ഈ സർക്കാരിന്റെ കാലഘട്ടത്തിൽ ഉണ്ടായിട്ടുണ്ട്. പാരമ്പര്യേതര ഊർജ്ജ പദ്ധതികൾക്കു കീഴിൽ റൂഫ് ടോപ്പ് സോളാർ വൈദ്യുതി പ്ലാന്റ് പദ്ധതി പ്രകാരം ഇതുവരെ 6.4 മെഗാവാട്ട് സ്ഥാപിത ശേഷി കൈവരിച്ചിട്ടുണ്ട്. സ്വന്തം നിലയ്ക്ക് 2.80206 മെഗാവാട്ട് ശേഷിയിൽ 7 പദ്ധതികളിലായി സോളാർ പ്ലാന്റുകൾ, കല്ലട ഗ്രാമപഞ്ചായത്തിൽ എൻ.എച്ച്.പി.സി.–യുമായി ചേർന്ന് 50 മെഗാവാട്ടിന്റെ സോളാർ പദ്ധതി, ബ്രഹ്മപുരം 400 മെഗാവാട്ട് കമ്പൈൻഡ് സൈക്കിൾ പവർ പ്രോജക്ട്, 600 മെഗാവാട്ട് ശേഷിയിൽ കൊച്ചിയിൽ പെറ്റ്കോക്ക് ഉപയോഗിച്ചുള്ള താപനിലയം, ചീമേനിയിൽ 1320 മെഗാ

വാട്ട് ശേഷിയിൽ കൽക്കരി ഉപയോഗിച്ചുള്ള താപനിലയം, കഞ്ചിക്കോട് 22 MW Wind Energy Project, എൻ.എച്ച്.പി.സി.-യുമായി ചേർന്ന് നല്ലസിങ്കം കോട്ടത്തറ എന്നിവിടങ്ങളിലായി 82 മെഗാവാട്ട് Wind Project, സ്വകാര്യ മേഖലയിൽ ഇ.എം.സി.യുടെ മേൽനോട്ടത്തിൽ 110 മെഗാവാട്ട്-ന്റെ 25 ചെറുകിട ജലവൈദ്യുത പദ്ധതികൾ എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർ ഓഫീസുകളിലും കെട്ടിടങ്ങളിലും ഘട്ടംഘട്ടമായി സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. വനം-പരിസ്ഥിതി വകുപ്പുകളുടെ അനുമതി ലഭിക്കാത്തതിനാലും സ്ഥലംവിട്ടുകിട്ടുന്നതിനുള്ള കാലതാമസവും മൂലം പല പദ്ധതികളും നടപ്പാക്കാൻ കഴിയുന്നില്ലെന്നും ശുചിത്വ കേരളം പദ്ധതിയുടെയും നഗര വികസന വകുപ്പിന്റെയും സഹകരണത്തോടെ മാലിന്യത്തിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതി പ്രാഥമിക ഘട്ടത്തിലാണെന്നും കല്ലട സൗരോർജ്ജ പദ്ധതി മാതൃകാപരമാണെന്നും ഇത് മറ്റ് സ്ഥലങ്ങളിൽക്കൂടി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

**71(*603) <u>കാഴ്ചബംഗ്ലാവുകൾ ആകർഷകമാക്കുന്നതിനുള്ള പദ്ധതി</u>**

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കാഴ്ചബംഗ്ലാവുകൾ കൂടുതൽ ആകർഷകവും വിജ്ഞാനദായകവുമാക്കി മാറ്റുന്നതിന്റെ ഭാഗമായി നേപ്പിയർ മ്യൂസിയത്തിന്റെ പുനരുദ്ധാരണം, നാച്വറൽ ഹിസ്റ്ററി മ്യൂസിയത്തിന്റെ നവീകരണം, തൃശ്ശൂർ, കോഴിക്കോട് മ്യൂസിയങ്ങളിൽ ലൈറ്റ്

ആന്റ് സൗണ്ട് ഷോ എന്നീ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കൂടാതെ സാംസ്കാരിക പൈതൃകത്തിന്റെ സാക്ഷ്യപത്രങ്ങളായ മ്യൂസിയങ്ങളുടെ തനിമ നിലനിർത്തി ആയത് പരമാവധി ജനങ്ങൾക്ക് പ്രയോജനപ്പെടുത്തുക, വിദ്യാർത്ഥികൾക്കും ഗവേഷകർക്കും വിജ്ഞാന സമ്പാദനത്തിന് ഉതകുന്ന ഒരു സ്ഥാപനമാക്കി ഉയർത്തുക, മ്യൂസിയങ്ങൾ, ആർട്ട് ഗാലറികൾ എന്നിവയിൽ പ്രദർശിപ്പിച്ചിട്ടുള്ള കലാവസ്തുക്കളുടെ സഹായത്താൽ എന്നെന്നും സംരക്ഷിക്കപ്പെടേണ്ട മഹത്തായ കലാ സാംസ്കാരിക പാരമ്പര്യത്തെപ്പറ്റി പുതിയ തലമുറയിൽ അറിവും അവബോധവും സൃഷ്ടിക്കുക തുടങ്ങിയ ലക്ഷ്യങ്ങളും കൈവരിക്കാനുദ്ദേശിക്കുന്നു.

മ്യൂസിയം–മൃഗശാലാ വകുപ്പിനായി ബഡ്ജറ്റ് വിഹിതമായ 14.5 കോടി രൂപയുടെ പരിധിക്കുള്ളിൽനിന്നുകൊണ്ട് സ്ഥല ലഭ്യതയ്ക്കനുസരിച്ച് ജില്ലാതലങ്ങളിൽ മൃഗശാലകളും മ്യൂസിയവും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. മ്യൂസിയം കോമ്പൗണ്ടിലുള്ള നേപ്പിയർ മ്യൂസിയം, നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം, കെ.സി.എസ്. പണിക്കർ ഗ്യാലറി എന്നിവ ഒരുമിച്ച് സന്ദർശിക്കുന്നതിന് ഒറ്റ ടിക്കറ്റ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. തൃശ്ശൂർ മൃഗശാലയോട് ചേർന്ന് മെഴുക് മ്യൂസിയം ആരംഭിക്കുന്നകാര്യവും മ്യൂസിയങ്ങളിൽ പ്രദർശിപ്പിച്ചിരിക്കുന്ന അമൂല്യവസ്തുക്കൾ സംരക്ഷിക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്ന കാര്യവും പരിശോധിക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചാൽ ബേക്കലിൽ മ്യൂസിയം ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്നും . മ്യൂസിയം, മൃഗശാല എന്നിവയിൽനിന്ന് ലഭിക്കുന്ന വരുമാന

ത്തിൽ 63 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 6452 മുതൽ 6705 വരെയുള്ള ചോദ്യങ്ങളിൽ 193 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകി.)